ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15.02.2025**

## പ്രധാനവാർത്തകൾ

1. ശാസ്ത്ര ഗവേഷണത്തിനും പഠനത്തിനും അനിയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് സംസ്ഥാന സർക്കാരിന്റെ നയമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
2. കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആന ഇടഞ്ഞ സംഭവത്തിൽ നാട്ടാന പരിപാലന ചട്ടം ലംഘിച്ചെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുമെന്ന് മന്ത്രി A.K ശശീന്ദ്രൻ.
3. വയനാട് ദുരന്ത നിവാരണത്തിന് അനുവദിച്ച ധനസഹായത്തിൽ കേന്ദ്രം നിബന്ധനകൾ വെക്കുന്നത് ശരിയല്ലെന്ന് റവന്യൂമന്ത്രി കെ രാജൻ.
4. കോട്ടയം ഗവൺമെന്റ് നഴ്സിംഗ് കോളജിലെ റാഗിംഗ് കേസിൽ പ്രതികളായവരുടെ തുടർ പഠനം റദ്ദാക്കാൻ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്.
5. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്-മോഹൻ ബഗാൻ പോരാട്ടം. വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് ഇന്ന് ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

====================================

RNU TVPM

## രാഷ്ട്രപതി

നിർമിത ബുദ്ധിയുടെ പ്രചാരം അതിവേഗം വ്യാപിക്കുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഝാർഖണ്ഡിൽ മേസ്രയിലെ ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ 70-ാം വാർഷികാഘോഷത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി. സാങ്കേതിക വിദ്യയുടെ മേഖലയിൽ സ്ത്രീകൾ ഏറെ മുന്നോട്ടു വരികയാണെന്നും ശ്രീമതി മുർമു പറഞ്ഞു.

******************************

## മുഖ്യമന്ത്രി-സയന്റിസ്റ്റ് കോൺക്ലേവ് (ഇൻട്രോ)

RNU TVPM

ശാസ്ത്ര ഗവേഷണത്തിനും പഠനത്തിനും അനിയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട് നടക്കുന്ന 'സയന്റിസ്റ്റ് കോൺക്ലേവ് പരിപാടിയിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ ശാസ്ത്ര മേഖലയുടെ മുന്നേറ്റത്തിന് അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം ശാസ്ത്ര പഠനവും ഗവേഷണവും മെച്ചപ്പെടേണ്ടത് അനിവാര്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

******************************

## മുഖ്യമന്ത്രി-മലയോര ഹൈവേ

സംസ്ഥാന മലയോര ഹൈവേയിൽ കോഴിക്കോട് ജില്ലയിൽ നിർമ്മാണം പൂർത്തിയായ കോടഞ്ചേരി-കക്കാടംപൊയിൽ റീച്ച്

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും. 34 കിലോമീറ്റർ റീച്ച് 195 കോടി രൂപ ചെലവിലാണ് നിർമ്മിച്ചിരിക്കുന്നത്.

******************************

## എ കെ ശശീന്ദ്രൻ-കോഴിക്കോട് (ഇൻട്രോ)

കോഴിക്കോട് കൊയിലാണ്ടിയിൽ ഉത്സവത്തിനിടെ ആന ഇടഞ്ഞ സംഭവത്തിൽ ക്ഷേത്ര പരിസരം മന്ത്രി A.K ശശീന്ദ്രൻ സന്ദർശിച്ചു. അപകടം സംബന്ധിച്ച് വിവിധ വകുപ്പുകൾ സമർപിച്ച റിപ്പോർട്ടുകളിൽ നാട്ടാന പരിപാലന ചട്ടം ലംഘിച്ചെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ നിയമപരമായ നടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

RNU TVPM

അപകടത്തിന്റെ പശ്ചാത്തലത്തിൽ ഈ മാസം 21 വരെ ജില്ലയിലെ ആന എഴുന്നള്ളിപ്പുകൾ റദ്ദാക്കാൻ ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്.

******************************

## അബ്ദു റഹിമാൻ

കായിക മേഖല മെച്ചപ്പെടണമെങ്കിൽ അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന സംഘടനകളെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണെന്ന് മന്ത്രി വി. അബ്ദു റഹിമാൻ. ദേശീയ ഗെയിംസിൽ കേരളത്തിന്റെ താരങ്ങൾ മികച്ച പ്രകടനം കാഴ്ചവക്കാത്തത് സർക്കാരിന്റെ പിഴവാണെന്ന തരത്തിൽ പ്രചരിക്കുന്ന പരാമർശങ്ങൾ അടിസ്ഥാന രഹിതമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

******************************

## കെ രാജൻ

വയനാട് ദുരന്ത നിവാരണത്തിന് അനുവദിച്ച ധനസഹായത്തിൽ നിബന്ധനകൾ വെക്കുന്നത് ശരിയല്ലെന്ന് റവന്യൂമന്ത്രി കെ രാജൻ. ഉപാധിരഹിതമായി കേരളത്തിന് കിട്ടേണ്ട സഹായമാണ് ചോദിക്കുന്നത്. ദുരന്തബാധിരോടുള്ള കേന്ദ്രത്തിന്റെ സമീപനത്തിൽ മാറ്റമില്ലെന്ന് വ്യക്തമാക്കുന്നതാണ് നടപടിയെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. അനുവദിച്ച തുക ഒന്നരമാസം കൊണ്ട് പൂർണമായും ചെലവഴിക്കണമെന്ന് നിബന്ധനവെക്കുന്നത് അവഗണന മാത്രമല്ല പരിഹാസം കൂടിയാണെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശനും പറഞ്ഞു.

RNUTVPM

******************************

## ആദിമഹോത്സവ് 2025-രാഷ്ട്രപതി

ആദി മഹോത്സവ് 2025 രാഷ്ട്രപതി ദ്രൗപദി മുർമ്മു നാളെ ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യും. ഗോത്രവർഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, ഗോത്ര സമൂഹങ്ങളുടെ കരകൗശലം, സംസ്കാരം, ഭക്ഷണം തുടങ്ങിയവ പ്രചരിപ്പിക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യം.

******************************

## കോട്ടയം-റാഗിങ്

കോട്ടയം ഗവൺമെന്റ് നഴ്സിംഗ് കോളജിലെ റാഗിംഗ് കേസിൽ പ്രതികളായ ആറു പേരുടെ തുടർ പഠനം റദ്ദാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ

വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു. സംഭവത്തിൽ പൊലീസ് തെളിവെടുപ്പു പൂർത്തിയാക്കി. ഹോസ്റ്റലിലും പരിസര പ്രദേശങ്ങളിലും നടത്തിയ പരിശോധനയിൽ മാരകായുധങ്ങൾ കണ്ടെത്തിയതായി പൊലീസ് അറിയിച്ചു.

******************************

**ആലപ്പുഴ - തണ്ണീർമുക്കം ഫെസ്റ്റ് (ഇൻട്രോ)**

ആലപ്പുഴയിൽ നടക്കുന്ന തണ്ണീർമുക്കം ഫെസ്റ്റ് നാളെ സമാപിക്കും. വൈവിധ്യമാർന്ന പരിപാടികളാണ് തണ്ണീർമുക്കം ഗ്രാമത്തിൽ നടക്കുന്നത്.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവി കുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

**(വോയിസ്)**

RNU TVPM

******************************

**സജി ചെറിയാൻ**

നല്ല സിനിമകൾ മത്സരിച്ച് ഇറങ്ങിയാൽ സിനിമാ മേഖല വിജയിക്കുമെന്ന് മന്ത്രി സജി ചെറിയാൻ. സിനിമ പരാജയപ്പെടാതിരിക്കാൻ സാമ്പത്തിക ചെലവ് കുറച്ച് നല്ല സിനിമയെടുക്കുകയാണ് വേണ്ടത്. യഥാർത്ഥ വിഷയങ്ങളിൽ നിന്ന് അകലാതെ അർത്ഥവത്തായ സിനിമകളാണ് ഉണ്ടാകേണ്ടതെന്നും അതിനാവശ്യമായ സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

******************************

**പ്ലാന്റേഷൻ ഡ്രൈവ്-പാലക്കാട് (ഇൻട്രോ)**

കേന്ദ്ര സർക്കാരിവന്റെ ബേഠി ബച്ചാവോ ബേഠി പഠാവോ പദ്ധതിയുടെ പത്താം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പ്ലാന്റേഷൻ ഡ്രൈവിന് പാലക്കാട് ഗവ.മോയൻ മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാപ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

******************************

## മെഗാ തൊഴിൽമേള

വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേളയ്ക്ക് തുടക്കമായി. എസ്.ഡി. കോളേജിൽ നടക്കുന്ന തൊഴിൽ മേള മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ് എന്നിവർ ചേർന്ന് നിയമന ഉത്തരവുകൾ കൈമാറി.

RNUTVPM

******************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ്, മോഹൻ ബഗാനെ നേരിടും. കൊച്ചി കലൂർ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം. ഐഎസ്എൽ മൽസരത്തോടനുബന്ധിച്ച് കൊച്ചി മെട്രോയുടെ സർവീസ് സമയം രാത്രി 11 മണിവരെ ദീർഘിപ്പിച്ചു.

******************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7.30ന് വഡോദരയിലാണ് മത്സരം.

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സൂര്യാഘാത സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം.

*****************************

## ജനശതാബ്ദി എക്സ്പ്രസ്സ്

PNUTVPM

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് ജനശതാബ്ദി എക്സ് പ്രസിന് അധിക കോച്ച് അനുവദിച്ച് റെയിൽവേ. തിരുവനന്തപുരത്തു നിന്ന് കോഴിക്കോട്ടേക്കും തിരിച്ചുമുള്ള ട്രെയിനുകൾക്ക് ഈ മാസം 17 വരെയാണ് താൽക്കാലികമായി അധിക കോച്ച് അനുവദിച്ചത്.

*****************************

## മഞ്ഞപ്പിത്തം - കോട്ടയം

കോട്ടയത്തും സമീപ ജില്ലകളിലും ഉൾപ്പെടെ മഞ്ഞപ്പിത്തം വ്യാപിക്കുന്നുവെന്ന റിപ്പോർട്ടുകളുടെ പശ്ചാതലത്തിൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആരോഗ്യവകുപ്പ്. കോട്ടയത്ത് ഈ വർഷം ഇതുവരെ എട്ടുപേർക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചതായും ഡി.എം.ഒ. അറിയിച്ചു. വ്യക്തി ശുചിത്വവും

പരിസര ശുചിത്വവും കൃത്യമായി പാലിക്കണമെന്നും നിർദേശമുണ്ട്.

******************************

## സ്വർണവില

സ്വർണവില കുറഞ്ഞു. ഗ്രാമിന് 100 രൂപ കുറഞ്ഞ് 7,890 രൂപയും, പവന് 63,120 രൂപയുമാണ് ഇന്നത്തെ വില.

******************************

## ഗോവ അപകടം

നോർത്ത് ഗോവയിൽ ഉണ്ടായ വാഹനാപകടത്തിൽ മലയാളി ഫൊട്ടോഗ്രഫർ മരിച്ചു. കോട്ടയം കുടയംപടിയിൽ ഉണ്ണി രമേശാണ് മരിച്ചത്. ഇന്നലെ ഉണ്ണി സഞ്ചരിച്ചിരുന്ന ബൈക്കിൽ മറ്റൊരു ബൈക്ക് ഇടിക്കുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന സുഹൃത്തും ഫൊട്ടോഗ്രഫറുമായ എറണാകുളം സ്വദേശി റിച്ചാർഡിന് പരുക്കേറ്റു.

RIU TVPM

******************************

## ബേഡകത്ത് കാർഷിക സെമിനാർ

റേഡിയോ കിസാൻ ദിവസിന്റെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയം ഇന്ന് കാസർഗോഡ് ബേഡകത്ത് കാർഷിക സെമിനാർ സംഘടിപ്പിച്ചു. ബേഡകം തെങ്ങ് കർഷക സമിതിയുടെ സഹകരണത്തോടെ നടക്കുന്ന സെമിനാറിൽ വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസ് എടുത്തു.

*

*****************

****************************************